"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - തിരുവനന്തപുരം ജില്ല - ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആറ്റിങ്ങൽ ഗവ.ജി.എച്ച്.എസ്.എസ് ന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3736/2023/GEDN തീയതി,തിരുവനന്തപുരം, 22-06-2023

---

പരാമർശം:-

1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/08/2022 ലെ ഡി.6/ 2615/2022 നമ്പർ ഉത്തരവ്
4. 11/01/2023 ലെ സ.ഉ(സാധാ)247/2023/പൊവിവ നമ്പർ ഉത്തരവ്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30/05/2023 ലെ ബി2/13800/2022 നമ്പർ കത്ത്

**ഉത്തരവ്**

ആസ്തിവികസന ഫണ്ടിൽ (2021 - 22) നിന്നും ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആറ്റിങ്ങൽ ഗവ.ജി.എച്ച്.എസ്.എസ് ന് 4202-01-800-84-projects under LAC-ADS other projects (NP) എന്ന ശീർഷകത്തിൽ നിന്നും വാഹനം വാങ്ങുന്നതിനായി 24,97,000/- (ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റിഏഴായിരം രൂപ മാത്രം) രൂപ അനുവദിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി തുക ലഭ്യമായിട്ടില്ലാത്തിനാൽ സ്കൂളിന് വാഹനം നൽകുവാൻ സാധിക്കുന്നില്ലായെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിരിക്കുന്നതായും ആയതിനാൽ പ്രസ്തുത തുക എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആറ്റിങ്ങൽ ഗവ.ജി.എച്ച്.എസ്.എസ് - ന് ബസ് വാങ്ങിയ ഇനത്തിൽ ചെലവായ 24,97,000/- (ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റിഏഴായിരം രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം 4202-01-800-84-Projects under LAC ADS - other Projects (NP)എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ, പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ

ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്) , തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Namitha T
സെക്ഷൻ ഓഫീസർ
Date: 23-06-2023 11:45:02